©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 ഫെബ്രുവരി 17
17th February 2026
1201 കുംഭം 5
5th Kumbham 1201
1947 മാഘം 28
28th Magha 1947

നമ്പർ
No. 646

1961-ലെ കേരള സർവേയും അതിരടയാളവും ആക്ടിലെ

ആറാം വകുപ്പ് പ്രകാരമുള്ള പരസ്യം

നം. ഇ 1034/2025 *2026 ഫെബ്രുവരി 13*

കൊല്ലം ജില്ലയിൽ, കൊല്ലം താലൂക്കിലെ പരവൂർ, കോട്ടപ്പുറം വില്ലേജുകളിൽ യഥാക്രമം 33, 34 റീസർവെ ബ്ളോക്കുകളിൽ ഉൾപ്പെട്ടു വരുന്നതും താഴെ പട്ടികയിൽ ചേർത്തിട്ടുള്ളതുമായ സർവെ നമ്പരുകളിൽ ഉൾപ്പെട്ടുവരുന്നതുമായ ഏകദേശം 0.8720 ഹെക്ടർ ഭൂമി ഒല്ലാൽ റയിൽവെ മേൽപ്പാല നിർമ്മാണ പദ്ധതിക്കായി RFCTLARR നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ സർവേ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നതിനാൽ ടി വില്ലേജുകളിൽ സർവേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, താഴെ പറയുന്ന വില്ലേജുകളിലെ താഴെ പറയുന്ന സർവേ നമ്പരുകളുടെ അതിർത്തി തിരിച്ച് സർവേ ചെയ്യുന്നതാണെന്നും, 1961-ലെ കേരള സർവേയും അതിരടയാളവും ആക്ടിലെ 6(1)- വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെ പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതോടെ ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും:-

(എ) സർവ്വെ ചെയ്യുന്നതിനു വേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ച് കളയുകയോ, നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും;

(ബി) കൊടി പിടിക്കുന്നവരേയും ചെയിൻമാൻമാരേയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽ പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതും ആയതിൻറെ ചെലവ് ആക്ടിലും അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക-1

ജില്ല – കൊല്ലം

താലൂക്ക് -കൊല്ലം *വില്ലേജ്*- പരവൂർ

ക്രമ നമ്പർ	*ബ്ലോക്ക് നമ്പർ*	*റീസർവേ നമ്പർ*
1	33	393/part
2	33	394/part
3	33	396/pat
4	33	397/part
5	33	399/part
6	33	400/part
7	33	401/part

പട്ടിക -2

ജില്ല-കൊല്ലം

താലൂക്ക് – കൊല്ലം *വില്ലേജ്*- കോട്ടപ്പുറം

ക്രമ നമ്പർ	*ബ്ലോക്ക് നമ്പർ*	*റീസർവേ നമ്പർ*
1	34	237/part
2	34	242/ Part
3	34	245/part
4	34	246/ Part
5	34	247/ Part
6	34	249/ Part
7	34	250/ Part
8	34	251/ Part
9	34	258/Part

(ഒപ്പ്)
സ്പെഷ്യൽ തഹസിൽദാർ,
എൽ.എ.(കിഫ്ബി), കൊല്ലം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.17 03:25:02 +05:30